REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 16-12-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **തബലയിലെ മാന്ത്രികസ്പർശത്തിലൂടെ ലോകസംഗീതലോകത്തെ കീഴടക്കിയ ഉസ്താദ് സാക്കിർ ഹുസൈൻ അന്തരിച്ചു.**
- **ഭരണഘടനയുടെ 75-ാം വാർഷികത്തോട് ബന്ധപ്പെട്ട രണ്ടു ദിവസത്തെ പ്രത്യേക ചർച്ച രാജ്യസഭയിൽ ആരംഭിച്ചു.**
- **സംസ്ഥാനത്തെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവികളുടെ യോഗം ഉച്ച കഴിഞ്ഞ് ചേരും.**
- **മാനന്തവാടിയിൽ പട്ടികവർഗ യുവാവിനെ റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിൽ കർശന അടിയന്തിര നടപടി എടുക്കാൻ മന്ത്രി OR കേളു നിർദേശിച്ചു.**
- **ബോർഡർ ഗാവസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച.**

## വാർത്തകൾ വിശദമായി

ലോകപ്രശസ്ത തബല വിദ്വാൻ ഉസ്താദ് സാക്കിർ ഹുസൈൻ അന്തരിച്ചു. അദ്ദേഹത്തിന് 73 വയസ്സായിരുന്നു. ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് US ൽ സാൻഫ്രാൻസിസ്ക്കോയിലെ ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന്റെ വിയോഗം. ഇന്ന് പുലർച്ചെയാണ് അദ്ദേഹത്തിന്റെ മരണം കുടുംബം സ്ഥിരീകരിച്ചത്. ഇന്നലെ അദ്ദേഹം മരിച്ചതായി വാർത്തകൾ വന്നെങ്കിലും പിന്നീട് അത് കുടുംബം നിഷേധിച്ചു.

സംഗീത സംവിധായകൻ, താളവാദ്യ വിദഗ്ധൻ, ചലച്ചിത്ര നടൻ തുടങ്ങിയ മേഖലകളിൽ അപൂർവ പ്രതിഭ തെളിയിച്ചയാളാണ് ഉസ്താദ് സാക്കിർ ഹുസൈൻ.

ഡെസ്ക് റിപ്പോർട്ട്.

...........വോയ്സ്......

തബലയിൽ മാന്തിക ശബ്ദം തീർത്ത ആ വിരലുകൾ ചലനമറ്റു. ഇന്ത്യൻ വാദ്യോപകരണ സംഗീതത്തെ ലോകത്തിന്റെ നെറുകയിൽ പ്രതിഷ്ഠിച്ച ഉസ്താദ് സാക്കീർ ഹുസൈൻ ഇനി ദീപ്തസ്മരണ. പ്രശസ്ത തബല വാദകൻ ഉസ്താദ് അല്ലാരഖ-യുടെ മൂത്ത മകനായി 1951 മാർച്ച് ഒമ്പതിന് മുംബൈയിലാണ് സാക്കിർ ഹുസൈന്റെ ജനനം. കുഞ്ഞുപ്രായത്തിലേ പിതാവിൽ നിന്ന് പകർന്നുകിട്ടിയ താളബോധം സാക്കിർ ഹുസൈന്റെ വിരൽ സ്പർശങ്ങളേയും മാന്ത്രികമാക്കി മാറ്റി. 12-ാം വയസ്സിൽ ആദ്യ സംഗീത കച്ചേരി. പിന്നീടങ്ങോട്ട് സംഗീതോപകരണങ്ങളിൽ നവീന രീതികൾ സൃഷ്ടിച്ച് ജൈത്രയാത്ര ആരംഭിച്ചു.

ആറ് പതിറ്റാണ്ട് നീണ്ട കലാജീവിതത്തിൽ, ലോകപ്രശസ്ത സംഗീതജ്ഞരുമായി സഹകരിച്ച അദ്ദേഹം രാജ്യത്തിന്റെ സംഗീത പ്രൗഢി അന്തർദേശീയതലത്തിലെത്തിച്ചു. ആ സംഗീത സപര്യക്ക് അംഗീകാരമായി, അഞ്ച് ഗ്രാമി അവാർഡുകൾ സാക്കിറിനെ തേടിയെത്തിയിട്ടുണ്ട്. 1988-ൽ രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതികളിലൊന്നായ പത്മശ്രീയും 2002-ൽ പത്മഭൂഷണും 2023-ൽ പത്മവിഭൂഷണും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. സംഗീതനാടക അക്കാദമി അവാർഡ്, സംഗീത നാടക അക്കാദമി ഫെലോഷിപ്, കേന്ദ്ര ഗവൺമെന്റിന്റെ രത്ന സദസ്യ പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചു.

ധോൽ, ധോലക്, ഖോ, ദുഗ്ഗി, നാൽ തുടങ്ങിയ സംഗീതോപകരണങ്ങളിലും സാക്കീർ ഹുസൈൻ കഴിവ് തെളിയിച്ചു. 'സാസ്', 'ഹീറ്റ് ആൻഡ് ഡസ്റ്റ്' എന്നിവയുൾപ്പെടെ ഏതാനും സിനിമകളിലും അദ്ദേഹം വേഷമിട്ടു. ലോകത്തെയാകെ കീഴടക്കിയ താള വിസ്മയം അവശേഷിപ്പിച്ചാണ് ആ ഇതിഹാസ തബല വാദകൻ മൺമറയുന്നത്.

✪✪✪

സംസ്കാരങ്ങളും ഭാഷകളും രാജ്യാതിർത്തികളും കടന്ന് ലോകത്തെ സംഗീത പ്രേമികളുടെ ഹൃദയങ്ങൾ കീഴടക്കിയ തബല വിദ്വാനാണ് ഉസ്താദ് സക്കീർ ഹുസൈനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇന്ത്യൻ ക്ലാസിക്കൽ സംഗീത പാരമ്പര്യവും ലോകസംഗീതവും

സമന്വയിപ്പിച്ച് അനുവാചകരെ വിസ്മയിപ്പിച്ച പ്രതിഭയായിരുന്നു അദ്ദേഹമെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

✪✪✪

ഭരണഘടനയുടെ 75-ാം വാർഷികത്തോട് ബന്ധപ്പെട്ട രണ്ടു ദിവസത്തെ പ്രത്യേക ചർച്ച രാജ്യസഭയിൽ ആരംഭിച്ചു. കേന്ദ്രമന്ത്രി നിർമല സീതാരാമനാണ് രാജ്യസഭയിലെ ചർച്ചയ്ക്ക് തുടക്കമിട്ടത്. നാളെ സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ചയ്ക്ക് മറുപടി നൽകിയേക്കും.

✪✪✪

സംസ്ഥാനത്തെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ക്രമസമാധാന വിഭാഗം ADGP, മനോജ് എബ്രഹാം വിളിച്ച ജില്ലാ പോലീസ് മേധാവികളുടെ യോഗം ഉച്ച കഴിഞ്ഞ് ചേരും. പാലക്കാട്ടെയും പത്തനംതിട്ടയിലേയും അപകടങ്ങളുടെ പശ്ചാത്തലത്തിലാണ് യോഗം. നാളെ ഗതാഗത മന്ത്രിയുടെയും ദേശീയ പാതാ അധികൃതരുടെയും നേതൃത്വത്തിലും യോഗം ചേരുന്നുണ്ട്. പാലക്കാട് പനയംപാടത്തെ അപകടം സംബന്ധിച്ച സംയുക്ത പരിശോധന റിപ്പോർട്ട് യോഗം ചർച്ച ചെയ്ത് തുടർനടപടി എടുക്കും.

പനയംപാടം വളവിൽ അപകടങ്ങൾ ഒഴിവാക്കാൻ താത്കാലിക മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗവും, നിയമലംഘനവും തടയാൻ പ്രത്യേക സ്ക്വാഡ്, കർശന പരിശോധനയും ആരംഭിക്കും.

✪✪✪

രാജ്യം ഇന്ന് ‘വിജയ് ദിവസ്’ ആഘോഷിക്കുന്നു. 1971ലെ യുദ്ധത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യൻ സായുധ സേന നേടിയ വിജയത്തിന്റെ അനുസ്മരണാർത്ഥമാണ് എല്ലാ വർഷവും ഡിസംബർ 16 ന് വിജയ് ദിവസ് ആഘോഷിക്കുന്നത്. രാഷ്ട്രത്തെ സംരക്ഷിക്കാൻ ജീവാർപ്പണം ചെയ്ത എല്ലാ സൈനികർക്കും ഈ ദിനത്തിൽ രാജ്യം ആദരാഞ്ജലി അർപ്പിക്കും.

✪✪✪

1971ലെ ഇന്ത്യയുടെ ചരിത്രവിജയത്തിന് സംഭാവന നൽകിയ ധീര സൈനികരുടെ ധീരതയെയും ത്യാഗത്തെയും രാജ്യം വിജയ് ദിവസ് ദിനത്തിൽ ആദരിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആ ധീരഹൃദയരുടെ അസാധാരണമായ വീര്യത്തിനും അചഞ്ചലമായ ചൈതന്യത്തിനും വിജയ് ദിവസ് ആദരാഞ്ജലികൾ അർപ്പിക്കുന്നുവെന്നും അദ്ദേഹം സമൂഹമാധ്യമപോസ്റ്റിൽ കുറിച്ചു.

✪✪✪

മാനനന്തവാടിയിൽ പട്ടികവർഗ യുവാവിനെ റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി എടുക്കാൻ മന്ത്രി OR കേളു പൊലിസിന് നിർദേശം നൽകി. കുറ്റവാളികൾക്കെതിരെ അടിയന്തിര നടപടി എടുക്കാൻ വയനാട് ജില്ലാ പോലീസ് മേധാവിയോട് മന്ത്രി ആവശ്യപ്പെട്ടു. സംഭവത്തിൽ  മാനന്തവാടി പോലീസ് വധശ്രമത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾക്കായി അന്വേഷണം ആരംഭിച്ചു.

പയ്യംമ്പള്ളി കൂടൽക്കടവ് ചെമ്മാട് പട്ടികവർഗ്ഗ ഉന്നതിയിലെ മാതൻ എന്നയാളെയാണ് ഞായറാഴ്ച വൈകീട്ട് കാറിലെത്തിയ സംഘം റോഡിലൂടെ വലിച്ചിഴച്ചു കൊണ്ടുപോയത്. മാതനെ വിദഗ്ധ ചികിൽസയ്ക്കായി മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

മാതന് ആവശ്യമായ വിദഗ്ധ ചികിൽസ നൽകാനും മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിനും പട്ടിക വർഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും മന്ത്രി നിർദേശം നൽകി. കൂടൽ കടവിൽ തടയണ കാണാനെത്തിയ വിനോദ സഞ്ചാരികളാണ് ഇന്നലെ വൈകിട്ട് മാതനെ കാറിൽ  വലിച്ചിഴച്ചത്.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ നാലാം ദിവസവും  മികച്ച പ്രേക്ഷക പങ്കാളിത്തമാണ് പ്രദർശനവേദികളിൽ അനുഭവപ്പെടുന്നത്. ഇന്ന് 14 തിയ്യേറ്ററുകളിലായി വിവിധ  വിഭാഗങ്ങളിൽ 67  സിനിമകൾ പ്രദർശിപ്പിക്കും.

ആകാശവാണി പ്രതിനിധി രജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.

....(വോയ്സ്)........

ചലച്ചിത്ര മേള നാലാം ദിനത്തിലേക്ക് കടക്കുമ്പോൾ മികച്ച പ്രേക്ഷക പങ്കാളിത്തമാണ് അനുഭവപ്പെടുന്നത്.പ്രേക്ഷക പ്രീതി നേടിയ ചിത്രങ്ങൾ തിയേറ്ററുകളിൽ നിറഞ്ഞ സദസിലാണ് പ്രദർശിപ്പിക്കുന്നത്.

രാവിലെ 8 മണിക്ക് ആരംഭിക്കുന്ന ഓൺലൈൻ ബുക്കിങ് 10 മിനിറ്റ് കൊണ്ട് തന്നെ പൂർത്തിയാകുന്നു എന്നത് ഇതിന്റെ തെളിവാണ്.

റീസ്റ്റോർഡ് ക്ലാസിക്സ് വിഭാഗത്തിൽ അകിറ കുറൊസാവയുടെ 'സെവൻ സമുറായ്', അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ ഇറാനിയൻ ചിത്രം 'മീ മറിയം ദ ചിൽഡ്രൻ ആൻഡ് 26 അദേഴ്സ്, മേളയിലെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടിയ ആൻ ഹുയിയുടെ 'ബോട്ട് പീപ്പിൾ', 'ദ പോസ്റ്റ്മോഡേൺ ലൈഫ് ഓഫ് മൈ ഓണ്ട്', ലോക സിനിമ വിഭാഗത്തിൽ അഭിജിത് മസുംദാറിന്റെ 'ബോഡി', ഫെസ്റ്റിവൽ ഫേവറിറ്റ്സ് വിഭാഗത്തിൽ ഷോൺ

ബേക്കറിന്റെ 'അനോറ', മിഗേൽ ഗോമെസിന്റെ 'ഗ്രാൻഡ് ടൂർ' തുടങ്ങിയ 67 ചിത്രങ്ങളാണ് ഇന്ന് ചലച്ചിത്ര മേളയിൽ പ്രേക്ഷകർക്ക് മുന്നിലെത്തുന്നത്.

ഫ്രഞ്ച് സംഗീത സംവിധായികയും നിർമാതാവുമായ ബിയാട്രിസ് തിരിയെറ്റിന്റെ അരവിന്ദൻ സ്മാരക പ്രഭാഷണമാണ് ഇന്നത്തെ മറ്റൊരു ആകർഷണം. വിവിധ വിഭാഗങ്ങളിലെ 16 സിനിമകളുടെ മേളയിലെ ആദ്യ പ്രദർശനവും ഇന്ന് നടക്കും.

അപ്പുറം, മുഖകണ്ണാടി, വിക്ടോറിയ, കിഷ്കിന്ധാകാണ്ഡം, വെളിച്ചം തേടി,സൗദി വെള്ളക്ക എന്നിവയാണ് ഇന്ന് പ്രദർശിപ്പിക്കുന്ന മലയാളം സിനിമകൾ.

✪✪✪

നോർക്ക റൂട്ട്സിന്റെ അന്താരാഷ്ട്ര പ്രവാസി ദിനാചരണം മറ്റന്നാൾ കോഴിക്കോട്ട് മന്ത്രി V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും. നോർക്ക പദ്ധതികളുടെ അവലോകനവും ഗുണഭോക്താക്കളുടെ അനുഭവങ്ങളും ദിനാചരണത്തിൽ പങ്കുവെയ്ക്കും.

✪✪✪

ലോക ചെസ് ചാമ്പ്യനായി സിങ്കപ്പൂരിൽ നിന്ന് മടങ്ങിയെത്തിയ D. ഗുകേഷിന് ചെന്നൈ വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം നൽകി. തമിഴ്നാട് കായിക വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ സ്വീകരണത്തിൽ പങ്കെടുത്തു. ജന്മനാടിന്റെ സ്വീകരണത്തിൽ അതിയായ സന്തോഷവും അഭിമാനവും ഉണ്ടെന്ന് ഗുകേഷ് മാധ്യമങ്ങളോട് പറഞ്ഞു. ചൈനീസ് ഗ്രാന്റ്മാസ്റ്റർ ഡിങ് ലിയറിനെ തോൽപ്പിച്ചാണ് ഗുകേഷ് 18-ാം വയസ്സിൽ ലോക ചാമ്പ്യൻപട്ടം നേടിയത്.

✪✪✪

ബോർഡർ ഗാവസ്കർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച. ഓസ്ട്രേലിയയ്ക്കെതിരെ ഒന്നാം ഇന്നിംഗ്സിൽ 48 റൺസ് എടുക്കുന്നതിനിടെ ഇന്ത്യയുടെ നാല് വിക്കറ്റുകൾ വീണു. മഴയെ തുടർന്ന് കളി ഇപ്പോൾ നിർത്തി വെച്ചിരിക്കുകയാണ്.

ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 445 റൺസെടുത്തിരുന്നു.

✪✪✪

78-മത് സന്തോഷ് ട്രോഫി ഫുട്ബോൾ ഗ്രൂപ്പ് ഫൈനൽ റൗണ്ട് മത്സരങ്ങളിൽ രാവിലെ സർവീസസ്സ്, ജമ്മു കാശ്മീരിനെ മറുപടിയില്ലാത്ത നാല് ഗോളിന് തോൽപ്പിച്ചു. ഉച്ചക്ക് 2.30 നു വെസ്റ്റ് ബംഗാൾ FT, തെലങ്കാനയെ നേരിടും. മറ്റൊരുമത്സരത്തിൽ വൈകീട്ട് 7.30 ന് രാജസ്ഥാൻ FC, മണിപ്പൂരിനെ നേരിടും.

ഫൈനൽ റൌണ്ട് മത്സരങ്ങളിൽ നാളെ കേരളം മേഘാലയയെ നേരിടും. രാത്രി 7.30 നാണ് മത്സരം.

✪✪✪

ധനുമാസപ്പുലരിയിൽ അയ്യപ്പനെ ദർശിച്ച് പതിനായിരങ്ങൾ. മണ്ഡല-മകരവിളക്ക് തീർഥാടനത്തിനായി നട തുറന്നത് മുതൽ ഇന്ന് രാവിലെ വരെ ദർശനം നടത്തിയത് 24 ലക്ഷത്തോളം തീർഥാടകരാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രിജി ശ്രീധർ.

....വോയ്സ്.....

ധനു ഒന്നായ ഇന്ന് രാവിലെ നടതുറന്നതുമുതൽ നല്ല തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്. എന്നാൽ തീർഥാടകർക്ക് ഏറെനേരം കാത്തുനിൽക്കാതെ സുഗമമായ ദർശനം സാധ്യമാക്കാൻ അധികൃതർ വളരെ നല്ല ശ്രമങ്ങളാണ് നടത്തിവരുന്നത്. മഴ മാറിനിൽക്കുന്ന സാഹചര്യമാണെങ്കിലും പുലർച്ചെ സന്നിധാനത്തും പരിസരപ്രദേശങ്ങളിലും മഞ്ഞ് പുതച്ച അന്തരീക്ഷമാണുള്ളത്. ഇന്ന് നടതുറന്ന രാവിലെ മൂന്നു മുതൽ രാവിലെ 11 വരെ 41352 തീർഥാടകരാണ് ദർശനം നടത്തിയത്. മണിക്കൂറിൽ 3500 ഓളം പേർ ദർശനം നടത്തുന്നുണ്ട്. മണ്ഡല മകരവിളക്ക് തീർഥാടനത്തിനായി നടതുറന്ന ദിനം മുതൽ ഇന്ന് രാവിലെ 11 വരെ 23,85,842 തീർഥാടകരാണ് ദർശനം നടത്തിയത്. ഇന്നലെ മാത്രം 76534 തീർഥാടകർ ദർശനം നടത്തി. ഇന്ന് സന്നിധാനത്ത് വിശേഷാൽ പൂജകൾ ഉൾപ്പെടെ എല്ലാ പൂജകളും നടക്കും.

✪✪✪

കാനനപാതകളിലൂടെ ശബരിമല ദർശനത്തിനെത്തുന്നവർക്ക് പ്രത്യേക സൗകര്യമൊരുക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് PS പ്രശാന്ത് അറിയിച്ചു.

പുല്ലുമേട് എരുമേലി വഴി വരുന്നവർ ഏറെ ദൂരം നടന്ന് വരുന്നത് പരിഗണിച്ചാണ് ഇവർക്ക് ദർശനത്തിന് പ്രത്യേക പരിഗണന നൽകുന്നത്. സംവിധാനം ഉടൻ നിലവിൽ വരുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അറിയിച്ചു.

✪✪✪

ജനങ്ങളുമായി ഹൃദയബന്ധം സ്ഥാപിക്കുന്ന ജനകീയ പരിപാടിയാണ് താലൂക്ക് അദാലത്തെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂർ ഇരിട്ടി താലൂക്ക്തല അദാലത്ത് ഇരിട്ടി തന്തോട് സെൻറ് ജോസഫ് ചർച്ച് പാരിഷ്

ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മന്ത്രി OR കേളു മുഖ്യാതിഥിയായിരുന്നു.

✪✪✪

കണ്ണൂർ കൂത്തുപറമ്പിനടുത്ത് നീർവേലി ഏളക്കുഴിയിൽ പഴശ്ശിരാജ സാംസ്കാരിക സമിതി നിർമ്മിച്ച സാംസ്കാരിക നിലയം രാവിലെ RSS സർകാര്യവാഹ്, ദത്താത്രേയ ഹൊസബൊളെ ഉദ്ഘാടനം ചെയ്തു. വൈകിട്ട് സാംസ്കാരിക സദസ്സിൽ BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ്, മുഖ്യ പ്രഭാഷണം നടത്തും.

✪✪✪